# കേരളസർവകലാശാല

നം.പി.ആർ.177/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2020 ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരള സർവകലാശാലയുടെ 2020-21 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) സെപ്റ്റംബർ 17-ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### സി.ഇ മാർക്ക് അപ്‌ലോഡിംഗ് - തീയതി നീട്ടി

നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ്.എസ്/സി.ആർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം മാർച്ച് 2020 ലെ പരീക്ഷകളുടെ സി.ഇ മാർക്ക് കോളേജുകളിൽ നിന്ന് അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതി സെപ്റ്റംബർ 24 വരെ നീട്ടിയിരിക്കുന്നു.

### ടൈംടേബിൾ

2020 സെപ്റ്റംബറിൽ നടത്തുന്ന നാലാം സെമസ്റ്റർ എം.എസ്.സി ഗണിതശാസ്ത്ര പരീക്ഷയുടെ വൈവ സെപ്റ്റംബർ 17 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2020 മാർച്ചിൽ നടത്തിയ ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി ഗ്രൂപ്പ് 2 (a) കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (2017 അഡ്മിഷൻ റെഗുലർ, 2016, 2015, 2014 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) (2013 അഡ്മിഷന് മുൻപ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2017 അഡ്മിഷൻ റെഗുലർ, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. . പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർവകലാശാല ക്യാഷ് കൗണ്ടറിൽ ഫീസടയ്ക്കാൻ നിയന്ത്രണം

കേരള സർവകലാശാലയുടെ പാളയം കാമ്പസിൽ ചില ഉദ്യോഗസ്ഥർക്ക് കോവിഡ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ക്യാഷ് കൗണ്ടറിൽ കോളുജുകൾക്കും പഠനവകുപ്പുകൾക്കുമുള്ളവ ഒഴികെ, ഫീസുകൾ നേരിട്ട് സ്വീകരിക്കുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്തി.

## കേരള സർവകലാശാല ആലപ്പുഴ റീജിയണൽ സെന്ററിൽ വിദ്യാർത്ഥികൾക്കായി വിവിധ സേവനങ്ങൾ ഏർപ്പെടുത്തി

കേരള സർവകലാശാലയുടെ ആലപ്പുഴ കളർകോടുള്ള റീജിയണൽ സെന്ററിൽ വിദ്യാർത്ഥികൾക്കായി പുതിയ സേവന പദ്ധതികൾ നടപ്പിലാക്കി. ഗവേഷണ വിദ്യാർത്ഥികൾക്ക് e-journal ലുകൾ ഉപയോഗിക്കുന്നതിനും വെബ് ബ്രൗസിംഗിനുമായി വിശാലമായ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു. കൂടാതെ അതിവിപുലമായ പുസ്തകശേഖരണം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലൈബ്രറിയും ഒരുക്കിയിട്ടുമുണ്ട്. സർവകലാശാലയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കാവശ്യമായ ഓൺലൈൻ സംവിധാനങ്ങളും ഇവിടെ ലഭ്യമാണ്. സർവകലാശാലയിൽ അടയ്ക്കേണ്ടതായ വിവിധ ഫീസുകൾ ഇവിടുത്തെ ക്യാഷ് കൗണ്ടർ മുഖേന ഡെബിറ്റ് കാർഡ് ഉപയോഗിച്ച് അടയ്ക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനായി സർവകലാശാല സെന്ററുമായി ബന്ധപ്പെടുക.

(പ്രത്യേക കുറിപ്പ്: ആലപ്പുഴ എഡിഷനിൽ മാത്രം പ്രസിദ്ധീകരിക്കുന്നതിന്)

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
14.09.2020

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**